"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - മലബാർ റീജിയണൽ സഹകരണ മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനിൽ സ്പെഷ്യൽ ഗ്രേഡ് മാർക്കറ്റിംഗ് അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന ശ്രീ. രാധാകൃഷ്ണൻ. കെ ഫയൽ ചെയ്ത WP(C) 312/2023 കേസിലെ ബഹു. ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (പാർലമെന്റ്) വകുപ്പ്

സ.ഉ.(സാധാ) നം.110/2025/Co-Op തീയതി,തിരുവനന്തപുരം, 27-02-2025

---

പരാമർശം:-
1. 29.12.2022 തീയതി ശ്രീ. രാധാകൃഷ്ണൻ. കെ സമർപ്പിച്ച നിവേദനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 03.07.2023 ലെ RCS/5632/2023-EM(5) നമ്പർ കത്ത്.
3. WP(C) 312/2023 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 19.01.2023 തീയതിയിലെ വിധിന്യായം.

**ഉത്തരവ്**

മലബാർ റീജിയണൽ സഹകരണ മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനിൽ സ്പെഷ്യൽ ഗ്രേഡ് മാർക്കറ്റിംഗ് അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന ശ്രീ. രാധാകൃഷ്ണൻ. കെ, സഹകരണ മേഖലയിലെ എല്ലാ ജീവനക്കാരുടെയും വിരമിക്കൽ പ്രായം 60 വയസ്സായി ഏകീകരിക്കമെന്നഭ്യർത്ഥിച്ചു കൊണ്ട് പരാമർശം 1 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന്, ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 312/2023 നമ്പർ കേസിൽ , പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, അപേക്ഷകൻ സമർപ്പിച്ച നിവേദനത്തിന്മേൽ ടിയാനെ നേരിൽ കേൾക്കാൻ അവസരം നൽകി, ഉചിതമായ തീരുമാനമെടുക്കുവാൻ ബഹു.കോടതി ഉത്തരവായിരുന്നു.

2) ബഹു.ഹൈക്കോടതി ഉത്തരവ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി, ടിയാൻ 29.12.2022-ൽ സമർപ്പിച്ച നിവേദനത്തിന്മേൽ ബന്ധപ്പെട്ടവരെ 11.07.2023-ന് സഹകരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

3) ഹിയറിംഗിൽ ശ്രീ. രാധാകൃഷ്ണൻ. കെ ബോധിപ്പിച്ച വസ്തുതകൾ ഇപ്രകാരമാണ്:-

സഹകരണ ചട്ടം 183(2) പ്രകാരം സഹകരണ മേഖലയിലെ വിരമിക്കൽ പ്രായം 58 വയസ്സാണ്. 1975-ലാണ് ആയത് നിശ്ചയിക്കപ്പെട്ടത്. 47 വർഷം കഴിഞ്ഞിട്ടും ടി അവസ്ഥ തുടർന്നു വരുന്നു. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഏകീകരിക്കാൻ തത്വത്തിൽ സർക്കാർതല തീരുമാനമെടുക്കുകയും പിന്നീടത് നടപ്പിലാക്കുന്നത് മാറ്റി വച്ചതുമായിരുന്നു. താൻ 24 വർഷത്തെ സേവനത്തിനു ശേഷം 31/12/2022-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. EPF പെൻഷൻ ലഭിച്ചു തുടങ്ങിയില്ല. അതും വളരെ തുച്ഛമായ തുക മാത്രമേ ലഭിക്കുകയുള്ളൂ. ദീർഘമായ കാലയളവ് കഠിനാധ്വാനം ചെയ്ത്, തുച്ഛമായ പെൻഷൻ വാങ്ങേണ്ട അവസ്ഥയിലാണ് താനുൾപ്പെടെയുള്ള ജീവനക്കാർ. ആയതിനാൽ 2 വർഷം കൂടി പെൻഷൻ പ്രായം കൂട്ടി 60 വയസ് ആക്കിയാൽ എല്ലാവർക്കും ഒരുപോലെ പ്രയോജനകരമാകും.

4) മലബാർ റീജിയണൽ സഹകരണ മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ജനറൽ മാനേജർ ചുവടെ പറയുന്ന വസ്തുതകൾ ബോധിപ്പിച്ചു:-

അപേക്ഷകനായ ശ്രീ. രാധാകൃഷ്ണൻ കെ മലബാർ റീജിയണൽ സഹകരണ മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനിൽ സ്വീപ്പർ കം സ്കാവഞ്ചർ എന്ന തസ്തികയിലേക്ക് 1998-ലാണ് നിയമിക്കപ്പെട്ടത്. ടിയാൻ സ്പെഷ്യൽ ഗ്രേഡ് മാർക്കറ്റിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും 31/12/2022-ൽ വിരമിക്കുകയും ചെയ്തു. 1969-ലെ കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനത്തിന് ചട്ടം റൂൾ 183(2) ബാധകമാണ്. ചട്ട പ്രകാരമുള്ള എല്ലാ സർവീസ് ആനുകൂല്യങ്ങളും ടിയാന് സ്ഥാപനം നൽകിയിട്ടുമുണ്ട്. വിരമിക്കൽ സംബന്ധിച്ച്, ചട്ട പ്രകാരം മാത്രമേ സ്ഥാപനത്തിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

5) വിരമിക്കൽ പ്രായം നിശ്ചയിക്കേണ്ടത് സർക്കാരിന്റെ നയപരമായ തീരുമാനമാണെന്ന് ക്ഷീര വികസന വകുപ്പിലെയും, സഹകരണ വകുപ്പിലെയും ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1969-ലെ കേരള സഹകരണ നിയമത്തിലെ 183(2) ചട്ട പ്രകാരം സഹകരണ മേഖലയിലെ വിരമിക്കൽ പ്രായം 58 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിന് ഓരോ വ്യക്തിയുടെയും അപേക്ഷക്കനുസരിച്ച് ഭേദഗതി സാദ്ധ്യമല്ലാത്തതിനാലും ജീവനക്കാരുടെ വിരമിക്കൽ പ്രായം നിശ്ചയിക്കുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമായതിനാലും നിലവിൽ വിരമിക്കൽ പ്രായം 58 ആക്കി നിജപ്പെടുത്തിയിട്ടുള്ളതിനാലും സഹകരണ മേഖലയിലെ എല്ലാ ജീവനക്കാരുടെയും വിരമിക്കൽ പ്രായം 60 വയസ്സായി ഏകീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള പരാമർശം 1-ലെ നിവേദനം

നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. WP(C) 312/23-ലെ ബഹു.ഹൈക്കോടതിയുടെ 19.01.2023-ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്-I, ആഡിറ്റ്-II) കേരളം, തിരുവനന്തപുരം.
3. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
4. ശ്രീ.രാധാകൃഷ്ണൻ കെ, ചട്ടിയോട് ഹൗസ്, പോത്തുണ്ടി പി.ഒ.,നെന്മാറ,പാലക്കാട്-678508
5. ഐ & പി ആർ ഡി. (വെബ് & ന്യൂ മീഡിയ)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jayakumar B
Date: 28-02-2025 17:46:11
സെക്ഷൻ ഓഫീസർ